നിർമ്മാണം (66/33 KV) സബ് സ്റ്റേഷൻ, 66/33/11 കെ.വി. ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ), മീറ്ററിംഗ് (ട്രാൻസ്ഫോർമർ, ഫീഡർ മീറ്ററുകൾ സ്ഥാപിക്കൽ, കേടായ മീറ്റർ/ഇലക്ട്രോ മെക്കാനിക്കൽ മീറ്റർ മാറ്റിവയ്ക്കൽ) സൻസദ് ആദർശ് ഗ്രാമ യോജന പദ്ധതിയിൽപ്പെടുത്തി ലോകസഭ/രാജ്യസഭ അംഗങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ വൈദ്യുതി വികസന പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് DDUGJY-യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി ചെലവിന്റെ 60% കേന്ദ്രസർക്കാർ ഗ്രാന്റും 10% വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ വിഹിതവും 30% ലോണുമാണ്.

(ബി) പദ്ധതി ജില്ലാടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് മൊത്തം 1720 കോടി രൂപയുടെ വിശദ പദ്ധതി രേഖ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ (REC) അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി ചെലവ് REC ഇതുവരെ അംഗീകരിച്ച് നൽകിയിട്ടില്ല. അതിനാൽ ഓരോ ജില്ലയിൽ/മണ്ഡലത്തിൽ എത്ര രൂപ വീതം ചെലവഴിക്കാനാകുമെന്ന് ഇപ്പോൾ കണക്കാക്കാനാവില്ല.

(സി) രണ്ട് വർഷമാണ് പദ്ധതി കാലാവധി. കേന്ദ്ര ഊർജ്ജ മന്ത്രാലയ മോണിറ്ററിംഗ് കമ്മിറ്റി തീരുമാനപ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ബി.പി.എൽ. കണക്ഷനുകൾ നൽകാൻ ഈ പദ്ധതിയിൽ കഴിയുന്നതാണ്.

കേടായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

22 (4604) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേടായ വൈദ്യുതി മീറ്റർ മാറ്റി സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കേടായ മീറ്റർ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷകളാണ് എറണാകുളം ജില്ലയിൽ ലഭിച്ചിട്ടുള്ളത് ; ഇതിൽ എത്ര മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട് ;

(സി) മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വൈപ്പിൻ മണ്ഡലത്തിൽ കേടായ എത്ര മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന് പട്ടികയുടെ രൂപത്തിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ 1049781 കേടായ വൈദ്യുതി മീറ്റർ മാറ്റിസ്ഥാപിക്കാൻ ലക്ഷ്യം വച്ചിട്ടുള്ളതിൽ 30-6-2015-ലെ കണക്കുകൾ പ്രകാരം 254405 മീറ്ററുകൾ മാറ്റിസ്ഥാപിച്ചിട്ടുണ്ട്. മീറ്ററുകളുടെ ലഭ്യതക്കനുസരിച്ച് കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചുവരുന്നു.

(ബി) എറണാകുളം ജില്ലയിൽ ഏപ്രിൽ 2014 മുതൽ 2015 ജൂൺ വരെയുള്ള കാലാവധിയിൽ കേടായ മീറ്റർ മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 11229 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 10701 മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി)

ഞാറയ്ക്കൽ	-	3100 എണ്ണം
നായരമ്പലം	-	2750 "
എടവനക്കാട്	-	2950 "
എളങ്കുന്നപ്പുഴ	-	4990 "
മുളവുകാട്	-	2718 "

പുതിയ സ്രോതസ്സുകൾവഴി വൈദ്യുതി

23 (4605)ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ക്ഷാമം പരിഹരിക്കാനായി ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും എത്ര യൂക യൂണിറ്റിന് നൽകി വൈദ്യുതി ലഭ്യമാക്കാനും, സംസ്ഥാനത്തു നിന്നുള്ള ഏതെല്ലാം പുതിയ/വിപുലീകരിച്ച സ്രോതസ്സുകൾവഴി വൈദ്യുതി ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചു എന്ന് 2011 മുതൽ 2015 വരെ നടത്തിയ പ്രവർത്തനങ്ങൾ വർഷം തിരിച്ച് വിശദമാക്കുമോ ;

(ബി) ഇതിനായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര കേന്ദ്ര സഹായം ലഭിച്ചു എന്നും എത്ര യൂക സംസ്ഥാന സർക്കാർ ചെലവാക്കി എന്നും എത്ര യൂക വിവിധ സ്ഥാപനങ്ങളിൽ നിന്നും (സ്ഥാപനം തിരിച്ചും പദ്ധതി എത്രയെന്നും) വായ്പയെടുത്തു എന്നും എന്നുമുതലാണ് പ്രസ്തുത വായ്പ അടച്ചു തുടങ്ങേണ്ടത് എന്നും വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly